LIBRARY ARCHIVES Kerala Legislative Assembly

അടിയന്തര ചികിത്സാ സഹായം

22 (*532) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടങ്ങളിൽപ്പെട്ടും അടിയന്തര ചികിത്സയ്ക്കായി ഏറ്റവും അടുത്തുള്ള ആശുപത്രികളിൽ പ്രവേശിപ്പിക്കാൻ നിർബന്ധിതരാവുന്ന രോഗികളുടെ അത്യാവശ്യ ചികിത്സയ്ക്കും അനുബന്ധ പരിശോധനകൾക്കുമുള്ള ചെലവുകൾക്ക് പണം കണ്ടെത്താനാവാതെ വരുന്ന സാഹചര്യംമൂലം ചികിത്സ വൈകുകയോ നിഷേധിക്കപ്പെടുകയോ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സാഹചര്യങ്ങളിൽ സഹായികളായി പോകാൻ സന്മനസ്സു കാട്ടുന്നവർ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി എന്തെങ്കിലും ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് പരിഗണിക്കുമോ ;

(സി) ഇത്തരം കേസുകളിൽ അടിയന്തര ചികിത്സയ്ക്കും പരിശോധനയ്ക്കും ആവശ്യമെങ്കിൽ സാമ്പത്തിക സഹായം നല്കാൻ സൗകര്യം ഏർപ്പെടുത്തുന്നകാര്യം പരിശോധിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപകടങ്ങളിൽപ്പെട്ട് അടിയന്തര ചികിത്സ തേടുന്ന രോഗികൾക്ക് സർക്കാർ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിലെ കാഷ്വാലിറ്റികളിൽ ചികിത്സ പൂർണ്ണമായും സൗജന്യമായാണ് നൽകുന്നത്.

(ബി) അപകടങ്ങളിൽപ്പെട്ട് അടിയന്തര ചികിത്സ തേടിയെത്തുന്ന രോഗികളുടെ എണ്ണത്തിലുണ്ടായിട്ടുള്ള അനിയന്ത്രിതമായ വർദ്ധനവിനനുസൃതമായി ജീവനക്കാർ ലഭ്യമല്ലാത്ത സാഹചര്യം നിമിത്തമുള്ള ബുദ്ധിമുട്ടുകൾ സഹായികളായി വരുന്നവർക്ക് ഉണ്ടാകാറുണ്ട്. ബന്ധുക്കളുടെയും മറ്റ് കൂട്ടിരിപ്പു കാരുടെയും അഭാവത്തിൽ പോലീസ് നടപടികൾ, മറ്റ് സമ്മതപത്രങ്ങൾ എന്നിവയ്ക്ക് അനുമതി നൽകുന്നതോ മൊഴി നൽകുന്നതോ ആയി ബന്ധപ്പെട്ടുള്ള

സാങ്കേതിക ബുദ്ധിമുട്ടുകളും ഉണ്ടാകാറുണ്ട്. ഇതല്ലാതെ അപകടത്തിൽപ്പെട്ടവരെ ആശുപത്രിയിൽ എത്തിക്കുന്നതിന് സഹായിക്കുന്നതിന് സന്മനസ്സുകാണിക്കുന്നവർക്ക് സർക്കാർ ആശുപത്രികളിൽ മറ്റ് തരത്തിലുള്ള ബുദ്ധിമുട്ടുകളൊന്നുംതന്നെ അനുഭവിക്കേണ്ടിവരുന്നില്ല. റോഡപകടങ്ങൾക്ക് ഇരയാകുന്നവർക്ക് പ്രഥമ ശുശ്രൂഷയും അടിയന്തര വൈദ്യ സഹായവും ലഭ്യമാക്കുന്നതിന് പോലീസുദ്യോഗസ്ഥരെ പ്രാപ്തരാക്കുക, പ്രാഥമിക ശുശ്രൂഷ ഉപകരണങ്ങളെപ്പറ്റിയുള്ള അവബോധം പോലീസുദ്യോഗസ്ഥർക്ക് ലഭ്യമാക്കുക, അപകട സമയത്ത് സമയോചിതമായ ഇടപെടലുകൾ നടത്തുവാൻ പ്രാപ്തമാക്കുക, പരിക്കുപറ്റിയവരെ അടിയന്തരമായി ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള ഇടപെടൽ നടത്തുക എന്നിവ പോലീസ് സ്റ്റൈൽ എന്ന പദ്ധതിയിലൂടെ നടപ്പാക്കിവരുന്നു.

(സി) സർക്കാർ ആശുപത്രികളിലെ കാഷ്വാലിറ്റികളിൽ അപകടത്തിൽപ്പെട്ട് ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സ സൗജന്യമായാണ് നൽകിവരുന്നത്. ഈ സാഹചര്യത്തിൽ മറ്റ് സാമ്പത്തിക സഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ക്യാൻസർ രോഗം ഉയർത്തുന്ന വെല്ലുവിളികൾ

23 (*533) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യശാസ്ത്ര മേഖലയിൽ ക്യാൻസർ രോഗം ഉയർത്തുന്ന വെല്ലുവിളികൾ നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ബി) ക്യാൻസർ രോഗികളുടെ വർദ്ധനയ്ക്കുള്ള അടിസ്ഥാന കാരണങ്ങൾ കണ്ടെത്തുന്നതിനും ചികിത്സയോടൊപ്പം ഗവേഷണത്തിനും ഊന്നൽ നൽകി ക്യാൻസർ വ്യാപനം തടയുന്നതിനും ഫലപ്രദമായ നടപടി സ്വീകരിക്കുമോ ;

(സി) ക്യാൻസർ രോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും രോഗത്തെ ഫലപ്രദമായി നേരിടുന്നതിനും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly